സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2001-02 സാമ്പത്തിക വർഷത്തേക്ക് 72,53,561 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപത്രവും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2002-2003 സാമ്പത്തിക വർഷത്തേക്ക് 14,31,848 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

IX. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 29-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്ക് കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് ഭേദഗതിയോടുകൂടി അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് താഴെപ്പറയുന്ന ഭേദഗതിയോടെ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

2006 ഫെബ്രുവരി 21-ാം തീയതി നിശ്ചയിച്ചിട്ടുള്ള ധനവിനിയോഗ ബില്ലുകൾക്ക് പുറമേ ചട്ടം 58 അനുസരിച്ച് ശ്രീ. എം. എം. ഹസ്സനും ഡോ. തോമസ് ഐസക്കും നൽകിയിട്ടുള്ള നോട്ടീസുകൾ ചർച്ച ചെയ്യുന്നതിനായി ഓരോ മണിക്കൂർ വീതം അനുവദിക്കണമെന്നും ഇതിനായി അന്നേ ദിവസം ഒരു മണിക്കൂർ കൂടി അധികം സഭ സമ്മേളിക്കണമെന്നും ശുപാർശ ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. എം. എം. ഹസ്സൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ: ഇല്ല.

മി. ചെയർമാൻ: ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

GPM. 2/153/2013—40

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള കാര്യോപദേശക സമിതിയുടെ 29-ാമത് റിപ്പോർട്ട് അംഗീകരിക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള കാര്യോപദേശക സമിതിയുടെ 29-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.07-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly